## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1773

14.07.2011 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ മലമ്പനി പടരുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മലമ്പനി പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നഗരസഭയിലെ തീരദേശ വാർഡുകളിൽ 13 തദ്ദേശീയമായ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) മലമ്പനി തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) ജില്ലയിലെമ്പാടും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. പനി നിരീക്ഷണ പ്രവർത്തനങ്ങളും ഉറവിട നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നു വരുന്നു.<br>• പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഫീൽഡ് സ്റ്റേഷൻ കാഞ്ഞങ്ങാട് പ്രവർത്തനമാരംഭിച്ചു.<br>• നഗര പ്രദേശങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർമാരെയും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെയും, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജില്ലയിലെ 3 നഗരസഭകളിലേയ്ക്കും നിയമിച്ചിട്ടുണ്ട്.<br>• ആരോഗ്യവകുപ്പിന്റെയും, നഗരസഭയുടെയും ക്ലബ്ബുകളുടെയും, സന്നദ്ധ സംഘടനകളുടെയും, സംയുക്താഭിമുഖ്യത്തിൽ തീരദേശ മേഖലകളിൽ ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>• തീരദേശ മേഖലകളിൽ 2 മെഡിക്കൽ |

| | |
|---|---|
| | ക്യാമ്പുകൾ സംഘടിപ്പിക്കുകയും, പനി സംശയിക്കുന്ന മുഴുവൻ രോഗികളുടെയും, രക്തസാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു.<br>• ആരോഗ്യ പ്രവർത്തകർ പ്രദേശത്തെ മുഴുവൻ വീടുകളും കയറിയിറങ്ങുകയും, പനി സംശയിക്കുന്ന മുഴുവൻ ആളുകളുടെയും രക്ത സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു.<br>• ആരോഗ്യ വകുപ്പിന്റെയും നഗരസഭയുടെയും, നേതൃത്വത്തിൽ പ്രദേശത്ത് ബോധവൽക്കരണ/ശീലവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) ജില്ലയിൽ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിന് എന്തൊക്കെ മുൻ കരുതലുകളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) പകർച്ച വ്യാധികൾ തടയുന്നതിനായി ജില്ലയിൽ എല്ലാവിധ മുൻ കരുതലുകളും സ്വീകരിച്ചിട്ടുണ്ട്.<br>• ജില്ലയിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലും റാപ്പിഡ് റസ്പോൺസ് ടീമുകൾ പുനഃസംഘടിപ്പിച്ചു.<br>• ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മുകളിലേക്കുള്ള മുഴുവൻ ആശുപത്രികളിലും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.<br>• എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും ലബോറട്ടറി പരിശോധനാ സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.<br>• ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവടങ്ങളിൽ പനി ക്ലീനിക്കുകളും, പനി വാർഡുകളും ക്രമീകരിച്ചിട്ടുണ്ട്.<br>• പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എപ്പിഡമിക് കൺട്രോൾ സെൽ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | • രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി അന്യ സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പനി പരിശോധന ക്യാമ്പുകൾ നടത്തുകയും, രക്തസാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.<br>• ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും, നഗരസഭകളിലും കൊതുക്/കൂത്താടി നിരീക്ഷണ സർവ്വേകൾ കാര്യക്ഷമമായി നടത്തിവരുന്നു.<br>• ബ്ലോക്ക്/പഞ്ചായത്ത്/നഗരസഭാതലത്തിൽ വിവിധ ഡിപ്പാർട്ടുമെൻറുകളെ പങ്കെടുപ്പിച്ച് ഇന്റർ സെക്ടറൽ കോ ഓർഡിനേഷൻ കമ്മിറ്റി യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>• ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വിവിധ ബ്ലോക്കുകളുടെ ചുമതല ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് നൽകുകയും ആഴ്ച തോറും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു. |

സെക്ഷൻ ആഫീസർ